**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **04-03-2025 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | (എ) & (ബി)<br><br>ഉണ്ട്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സ്ഥാപനം സിമന്റ് വില വർദ്ധിപ്പിച്ചിട്ടില്ല. ഏതാനും മാസങ്ങളായി സിമന്റ് വിലയിൽ ഗണ്യമായ ഇടിവ് നേരിടുകയാണ്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വർദ്ധനവും ഭൂമി തരം മാറ്റ നടപടികളിലെ കാലതാമസവും വിവിധ മേഖലകളിലെ കരാറുകാർക്ക് സർക്കാർ കുടിശിക നൽകാനുള്ളതും നിർമ്മാണ മേഖലയിലെ പ്രതിസന്ധിയ്ക്ക് കാരണമായിട്ടുണ്ടോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |
| (സി) | നിർമ്മാണ മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ "*കലവറ*" എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി |

| | | | |
|---|---|---|---|
| | | | വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്.<br><br>നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിയ്ക്കാൻ ജില്ലാ തലത്തിൽ കലക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്ന തിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കലക്ടർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ